"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- മെഡിക്കൽ വിദ്യാഭ്യാസം- ജീവനക്കാര്യം- തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഓങ്കോപാത്തോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തിക പൾമണറി മെഡിസിൻ വിഭാഗത്തിലേക്ക് താൽകാലികമായി ഷിഫ്റ്റ് ചെയ്തും പ്രസ്തുത തസ്തികയിലേക്ക് സ്ഥലം മാറ്റ നിയമനം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.865/2025/H&FWD തീയതി,തിരുവനന്തപുരം, 24-03-2025

---

പരാമർശം:-
1. ഡോ. കിരൺ വിഷ്ണു നാരായൺ-ന്റെ 14/02/2025-ലെ അപേക്ഷ.
2. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 22/02/2025-ലെ എഫ് 6/5502/2024/മെ.വി.വ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ പൾമണറി മെഡിസിനിൽ പി ജി കോഴ്സ് ആരംഭിക്കുന്നതിന് അനുമതി ലഭ്യമായെങ്കിലും ഡി എം യോഗ്യതയുള്ള ഫാക്കൽറ്റി ലഭ്യമല്ലാത്ത സാഹചര്യം നിലവിലുണ്ട്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ പൾമണറി മെഡിസിൻ വിഭാഗത്തിൽ പി.ജി കോഴ്സ് ആരംഭിക്കുന്നതിനായി യോഗ്യതയുള്ള അധ്യാപകരുടെ അനിവാര്യതയും ടി വിഭാഗത്തിൽ മതിയായ യോഗ്യതയുള്ളവരെ നിയമിക്കുന്നതിന് തസ്തിക നിലവിലില്ലാത്തതും കണക്കിലെടുത്ത്, പ്രസ്തുത മെഡിക്കൽ കോളേജിലെ ഓങ്കോപാത്തോളജി വിഭാഗത്തിൽ നിലവിലുള്ള അസിസ്റ്റന്റ് പ്രൊഫസറുടെ ഒരു തസ്തിക ടി മെഡിക്കൽ കോളേജിലെ പൾമണറി മെഡിസിൻ വിഭാഗത്തിലേയ്ക്ക് താൽക്കാലികമായി ഷിഫ്റ്റ് ചെയ്തും പ്രസ്തുത തസ്തികയിലേക്ക് കൊല്ലം സർക്കാർ മെഡിക്കൽ കോളേജിലെ പൾമണറി മെഡിസിൻ വിഭാഗം അസിസ്റ്റന്റ് പ്രൊഫസ്സർ ഡോ. കിരൺ വിഷ്ണു നാരായൺ-ന് താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി സ്ഥലം മാറ്റം അനുവദിച്ചും ഉത്തരവാകുന്നു .

i)പ്രസ്തുത നിയമനം തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഓങ്കോപാത്തോളജി വിഭാഗത്തിൽ പി.എസ്.സി മുഖേന അസിസ്റ്റന്റ് പ്രൊഫസർ നിയമനം നടക്കുന്നത് വരെയോ, പ്രസ്തുത മെഡിക്കൽ കോളേജിലെ പൾമണറി മെഡിസിൻ വിഭാഗത്തിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ഡോ. കിരൺ വിഷ്ണു നാരായണന് നിയമനം ലഭിക്കുന്നതിനുള്ള ഒഴിവ് വരുന്നത് വരെയോ ഏതാണോ ആദ്യം അതുവരെയായിരിക്കും .

ii) തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിലെ ഓങ്കോപാത്തോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ പി.എസ്.സി മുഖേന നിയമനം നടക്കുന്ന പക്ഷം പ്രസ്തുത തസ്തിക ടി വിഭാഗത്തിലേക്ക് തിരികെ ഷിഫ്റ്റ് ചെയ്യേണ്ടതും ഡോ.കിരൺ വിഷ്ണു നാരായണന് അനുയോജ്യമായ തസ്തികയിൽ നിയമനം നൽകേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ജനാർദ്ദനൻ കെ

അഡിഷണൽ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ / ഓഡിറ്റ്) കേരളം, തിരുവനന്തപുരം

പ്രിൻസിപ്പാൾ, സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം / കൊല്ലം

ഡോ. കിരൺ വിഷ്ണു നാരായൺ, അസിസ്റ്റന്റ് പ്രൊഫസർ, സർക്കാർ മെഡിക്കൽ കോളേജ്, കൊല്ലം (ഡി.എം.ഇ മുഖേന)

വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്, സെക്രട്ടറിയറ്റ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എസ് 1/34/2025/ആ.കു.വ)

ഉത്തരവിൻ പ്രകാരം

Signed by

T Muraleedharan Chettiyar

സെക്ഷൻ ഓഫീസർ

Date: 24-03-2025 21:53:29

പകർപ്പ് :- ആരോഗ്യ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്